## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **5494** 25/10/2011 ൽ മറുപടിയ്ക്ക്

## റീസർവ്വേ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ:<br>ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. പാലോട് രവി:<br>ശ്രീ. എ. റ്റി. ജോർജ്: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റീസർവ്വേ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ് ഡയറക്ടറേറ്റിൽ നിലവിലുള്ളത്; | (എ) സർക്കാരിന്റെ 25/08/2011 ലെ 43591/ഇ3/11/റവന്യൂ നമ്പർ കത്തിലെ നിർദ്ദേശാനുസരണം സംസ്ഥാനത്ത്, വയനാട് ഒഴികെയുള്ള 13 ജില്ലകളിലെ 26 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനം പൈലറ്റ് പ്രോജക്ടായി അഞ്ചു മാസം കൊണ്ട് പൂർത്തിയാക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റീസർവ്വേ ജോലി ത്വരിതഗതിയിൽ നടന്നു വരികയും ചെയ്യുന്നു. കൂടാതെ എല്ലാ ആഴ്ചയിലും വീഡിയോ കോൺഫറൻസ് നടത്തി സർവെ ഡയറക്ടർ നേരിട്ട് ജോലി പുരോഗതി അവലോകനം നടത്തുന്നുമുണ്ട്. |
| (ബി) പ്രസ്തുത റീസർവ്വേ പ്രോജക്ട് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | (ബി) വകുപ്പിൽ റീ-സർവ്വേ പ്രോജക്ട് ഓഫീസുകൾ നിലവിലില്ല. റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും റീസർവ്വേ സൂപ്രണ്ടാഫീസുകളുമാണ് നിലവിലുള്ളത്. അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ ജീവനക്കാരെ പുനർ വിന്യസിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആധുനിക സാങ്കേതിക വിദ്യകൾ ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കൺസൾട്ടൻസികളെ നിയോഗിച്ചിട്ടുണ്ടോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ